പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6708 1.11.2011 ൽ മറുപടിക്ക്

**മോട്ടോർ വാഹന വകുപ്പിൽ ഒറ്റത്തവണ തീർപ്പാക്കൽ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ ശശീന്ദ്രൻ | ശ്രീ. വി.എസ്.ശിവകുമാർ (ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിൽ വാഹനങ്ങളുടെ ടാക്സ് കുടിശ്ശിക, ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി ഈടാക്കുന്ന ഫീസിന്റെ കുടിശ്ശിക എന്നിവയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) യും (ബി) യും | 5 വർഷമോ അതിലധികമോ നികുതി കുടിശ്ശികയുള്ള മോട്ടോർ കാർ, മോട്ടോർ സൈക്കിൾ, ഓട്ടോറിക്ഷ എന്നീ വാഹനങ്ങൾക്ക് ഒറ്റത്തവണ നികുതി തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. പദ്ധതിയുടെ കാലാവധി 30.9.2010 വരെയായിരുന്നുവെങ്കിലും പിന്നീട് ഈ പദ്ധതിയുടെ കാലാവധി 31.3.2011 വരെ ദീർഘിപ്പിച്ചിരുന്നു. ഈ പദ്ധതി ഇപ്പോൾ നിലവിലില്ല. ഫിറ്റ്നസ് കുടിശ്ശികയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും നിലവിലില്ല. |
| (ബി) | എങ്കിൽ എന്നു മുതലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്? | | |

സെക്ഷൻ ഓഫീസർ